II ഇ.ബി. XIII- കേരള നിയമസഭ/V-16

**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2012 ജൂലൈ 5, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**52 (*481) കശുവണ്ടി വ്യവസായത്തിന്റെ പ്രതിസന്ധി**

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, കശുവണ്ടി വ്യവസായത്തിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ആഭ്യന്തര വിപണിയിൽനിന്നും കൂടുതൽ തോട്ടണ്ടി ലഭ്യമാക്കുന്നതിന് ജൈവാധിഷ്ഠിത കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കൽ, കശുവണ്ടി സംഭരണ ബാങ്ക് സ്ഥാപിക്കൽ, കശുവണ്ടി മേഖലയുടെ ആധുനികവത്ക്കരണം, ബ്രാൻഡ് നിർമ്മാണം തുടങ്ങിയ പദ്ധതികൾക്കായി കശുവണ്ടി വികസന കോർപ്പറേഷന് 37.90 കോടി രൂപയും കാപ്പെക്സിന് 23 കോടി രൂപയും ഈ സാമ്പത്തിക വർഷം വകയിരുത്തിയതിൽ യഥാക്രമം 22.90 കോടി രൂപയും 14 കോടി രൂപയും അനുവദിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനുംവേണ്ടി കാഷ്യു സ്പെഷ്യൽ ഓഫീസറുടെ

നേതൃത്വത്തിലുള്ള കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷന് 4.1 കോടി രൂപ പദ്ധതിയിനത്തിൽ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. നൂതന ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കൃഷിക്കാർക്ക് ആനുകൂല്യം നൽകി സാദ്ധ്യതയുള്ള സ്ഥലങ്ങളിലൊക്കെ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതു സംബന്ധിച്ച് കൃഷി വകുപ്പുമായി ആലോചിക്കുന്നതാണ്. പ്രതിവർഷം ഏകദേശം 4.55 ലക്ഷം ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നുണ്ട്. ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയാണ് കാഷ്യു കോർപ്പറേഷൻ, കാപ്പെക്സ് തുടങ്ങിയ സ്ഥാപനങ്ങൾ പ്രോസസ് ചെയ്യുന്നത്. രൂപയുടെ മൂല്യത്തകർച്ച കശുവണ്ടി സംസ്കരണത്തെ ബാധിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിൽ ഇൻസെന്റീവ് നൽകുന്നതിനെക്കുറിച്ചും കൊല്ലം ആസ്ഥാനമാക്കി കാഷ്യു ബോർഡ് ആരംഭിക്കുന്നതിനെക്കുറിച്ചും ആലോചിക്കാവുന്നതാണ്. കുടിവറുപ്പ് നിയന്ത്രിക്കാനുള്ള നടപടികൾ ശക്തമാക്കും. സംസ്ഥാനത്തുനിന്നും പ്രതിവർഷം ഏകദേശം 70,000 ടൺ കശുവണ്ടി കയറ്റി അയയ്ക്കുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു. കശുമാങ്ങ സിറപ്പ് ഉല്പാദിപ്പിക്കുന്നതിന് എക്സൈസ് വകുപ്പിന്റെ അനുവാദം ആവശ്യമാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി അറിയിച്ചു.

53 (*482) ഫോറസ്റ്റ് ടൂറിസം

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, കേരള വനം വികസന കോർപ്പറേഷൻവഴി വനമേഖലയിലെ അനുയോജ്യമായ സ്ഥലങ്ങളിൽ പരിസ്ഥിതി സൗഹാർദ്ദ രീതിയിൽ ഇക്കോ ടൂറിസം നടപ്പാക്കാൻ ആലോചിക്കു

ന്നുണ്ടെന്നും പത്തനംതിട്ട ജില്ലയിലെ ഗവിയിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടെന്നും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കേന്ദ്രങ്ങളിലേയ്ക്ക് പ്രസ്തുത പദ്ധതി വിപുലപ്പെടുത്തുന്ന കാര്യം പരിഗണിച്ചു വരികയാണെന്നും സഭയെ അറിയിച്ചു. വയനാട് ജില്ലയിലെ കമ്പമല, മുത്തങ്ങ, കുറുവ ദ്വീപ് എന്നിവിടങ്ങളിലും ഇക്കോ ടൂറിസം നടപ്പാക്കാൻ ആലോചിക്കുന്നുണ്ട്. വനമേഖലയുമായി ബന്ധപ്പെട്ട പതിനേഴോളം സ്ഥലങ്ങളിൽ ഫോറസ്റ്റ് ടൂറിസം നടപ്പാക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ അരിപ്പ, മൂന്നാറിലെ സൈലന്റ് വാലി, നെല്ലിയാമ്പതി എന്നിവിടങ്ങളിൽ ടൂറിസ്റ്റുകൾക്കു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ 175 ലക്ഷം രൂപ ടൂറിസം വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കാപ്പുകാട്, കോട്ടൂർ, എന്നിവിടങ്ങളിലെ ആന പുനരധിവാസ കേന്ദ്രം, ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗാന്ധി സ്മൃതിവനം, വാഗമണിലെ ഓർക്കിഡ് ഉദ്യാനം എന്നിവയ്ക്കായി 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പത്തനംതിട്ട, കൊല്ലം ജില്ലകളുടെ അതിർത്തിയിൽ ഔഷധതോട്ടം നിർമ്മിക്കുന്നതിനുള്ള 5 കോടി രൂപയുടെ പ്രോജക്ട് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. നിബിഡ വനങ്ങളിലേയ്ക്കും വന്യമൃഗ സങ്കേതങ്ങളിലേയ്ക്കും ടൂറിസ്റ്റുകളെ പ്രവേശിപ്പിക്കുകയില്ല. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതയ്ക്കനുസരിച്ച് സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തും. പദ്ധതിയുടെ ഭാഗമായി പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതല്ല. ഇക്കോ ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് ടൂർ പാക്കേജ് ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. വനങ്ങളിലെത്തുന്ന ടൂറിസ്റ്റുകൾക്ക് താമസസൗകര്യം ഒരുക്കുന്ന

തിന്റെ ഭാഗമായി കുറുവ ദ്വീപിൽ ആദിവാസികളെക്കൊണ്ട് അവരുടേതായ രീതിയിൽ ഹട്ടുകൾ നിർമ്മിക്കുന്നതിനും വനം വകുപ്പിന്റെ കീഴിലുളള റസ്റ്റ് ഹൗസുകളും ക്വാർട്ടേഴ്സുകളും നവീകരിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ ടൂറിസം പദ്ധതി നടപ്പാക്കുന്നതാണ്. തേക്കടിയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്കിൾ ചെയ്ത് പുതിയ ഉല്പന്നമുണ്ടാക്കുന്ന പദ്ധതിക്ക് 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സന്ദർശകർക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനും പ്ലാസ്റ്റിക് കുപ്പികൾ തിരികെ വാങ്ങി പരിസ്ഥിതി മലിനീകരണം ഒഴിവാക്കുന്നതിനുമായി ശബരീജലത്തിന്റെ ഒരു യൂണിറ്റ് പത്തനാപുരത്ത് ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. അതിരപ്പിളളിയിൽ ഇ-ടോയ്ലറ്റുകൾ ആരംഭിക്കുന്നതും ടൂറിസ്റ്റുകൾക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നതുമാണ്. വയനാട് ജില്ലയിലുളളവർക്ക് മുൻഗണന നൽകി പട്ടികവർഗ്ഗവിഭാഗത്തിൽനിന്നും എഴുന്നൂറോളം വാച്ചർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലാണ്. ഫെൻസിംഗ് ഉൾപ്പെടെ നടത്തി കാവുകൾ സംരക്ഷിക്കുന്നതാണെന്നും വനം വകുപ്പ് നടപ്പിലാക്കുന്ന ടൂറിസം പദ്ധതികൾക്ക് പുതിയ പേര് കണ്ടെത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. വനമേഖലയുമായി ബന്ധപ്പെട്ട ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാവിധ പിന്തുണയും നൽകുന്നതാണെന്നും ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പൊന്മുടിയിൽ ഒരു അമിനിറ്റി സെന്റർ സ്ഥാപിച്ചിട്ടുണ്ടെന്നും അനങ്ങമ്മലയിലെ ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചിട്ടുണ്ടെന്നും രണ്ടാംഘട്ടത്തിനാവശ്യമായ തുക അനുവദിക്കുന്നതാണെന്നും ഇടുക്കിയിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച് ആലോചി

ക്കുന്നതാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി 483 മുതൽ 510 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5127 മുതൽ 5377 വരെയുള്ള ചോദ്യങ്ങളിൽ 152 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * * *